Fractional Horsepower Motors നിർമ്മിക്കുന്നതിലേക്കായി ആസൂത്രണം ചെയ്യപദ്ധതി

* 833. [4] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) Fractional horsepower Motors നിർമ്മിക്കുന്നതിലേക്കായി ഗവണ്മെൻറു് ആസൂത്രണം ചെയ്ത പദ്ധതിയനുസരിച്ചു വാങ്ങിയ യന്ത്രങ്ങളുടേയും മറ്റു ഉപകരണങ്ങളുടേയും വിലയെന്തു് ;

(ബി) ഇതിലേക്കായി ആർഡർ നൽകിയിട്ടുള്ള വല്ല സാധനങ്ങളും ഇനിയും ലഭിക്കാനുണ്ടോ ;

(സി) ഈ പദ്ധതി വേണ്ടെന്നുവയ്ക്കുവാനുള്ള കാരണങ്ങളും ഏവ ;

(ഡി) ഈ പദ്ധതിക്കായി ഗവണ്മെൻറു് എന്തു തുക ഇതുവരെയായി മുടക്കിയിട്ടുണ്ടു് ; എത്ര രൂപ നഷ്ടമുണ്ടായിട്ടുണ്ടു് ;

(ഈ) ഇതിൻെറ ഇപ്പോഴത്തെ അവസ്ഥയെന്തു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) 92,264 രൂപ 53 ന. പ.

(ബി) ഇല്ല.

(സി) ഇത്തരം വ്യവസായയൂണിറ്റുകളും പൊതുമേഖലയിൽ തുടങ്ങാനായിരുന്ന കേന്ദ്രഗവണ്മെൻറിൻെറ അനുമതി ഉണ്ടായിരുന്നതെങ്കിലും ചെറുകിട വ്യവസായവക്കിംഗു് ഗ്രൂപ്പിൻെറ ശുപാർശയനുസരിച്ചു പിന്നീടു് ഈ യൂണിറ്റുകളും സ്വകാര്യമേഖലയിലേക്കു് മാറ്റുന്നതിനു തീരുമാനമെടുത്തു.

(ഡി) ഈ പദ്ധതിയ്ക്കായി 95,494 രൂപ 85 നയാപൈസ ചെലവായിട്ടുണ്ടു്. യന്ത്രസാമഗ്രികളും കേടുകൂടാതെ സൂക്ഷിച്ചിരിക്കുന്നതിനാൽ നഷ്ടമൊന്നും ഉണ്ടായിട്ടില്ല.

(ഇ) ഇതു് എടുത്തു നടത്തുവാൻ സ്വകാര്യഉടമയിലാരും ആവശ്യപ്പെടാതിരുന്നതുകൊണ്ടു് ഈ യൂണിറ്റു് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനു ആവശ്യമുള്ളപക്ഷം അവർക്കു കൊടുക്കുവാനുള്ള നടപടി എടുത്തുവരുന്നു.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : Fractionalhorse power Motors എന്താണെന്നു ഒന്നു വിവരിക്കാമോ ; ഇതുകൊണ്ടുള്ള ഉദ്ദേശം എന്താണെന്നു ഒന്നു പറയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇപ്പോഴും ഓരോ മെഷിനറിയെപ്പറ്റിയും വിശദീകരിക്കാൻ ആവശ്യപ്പെട്ടാൽ ഞാൻ വിഷമിക്കുകയേ ഉള്ളൂ.

ഫീസിളവു്

* 834. [5] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രിസദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ യാതന അനുഭവിച്ചവരുടെ എത്ര സന്താനങ്ങൾക്കു് ഹൈസ്കൂളുകളിൽ 1962-63-ൽ ഫീസിളവു് അനുവദിച്ചിട്ടുണ്ടു്;

(ബി) അത്തരം വിദ്യാർത്ഥികൾക്കു് കോളേജുകളിലും ഈ ആനുകൂല്യം അനുവദിച്ചുകൊടുക്കുന്നതിനെക്കുറിച്ചു് ഗവണ്മെൻറു് ആലോചിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 1962-63-ൽ 133 വിദ്യാർത്ഥികൾക്കു്.

(ബി) ഇതുമൂലം നേരിട്ടേക്കാവുന്ന സാമ്പത്തികബാദ്ധ്യത പരിഗണിച്ചു് ഈ ആനുകൂല്യം കോളേജുകളിലും അനുവദിക്കാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly